വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിൽ ഉൾപ്പെടുത്തി കെട്ടിടം പണിത വില്ലേജ് ആഫീസുകൾ

671 [648] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എത്ര വില്ലേജ് ആഫീസുകൾക്ക് വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി, പുതിയ കെട്ടിടം പണിതിട്ടുണ്ട്;

(ബി) ചേളന്നൂർ തലക്കുളത്തൂർ വില്ലേജ് ആഫീസുകൾക്ക് വേണ്ടി എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി 1985–86–ൽ കോഴിക്കോട് ജില്ലയിൽ ആകെ 45 വില്ലേജ് ആഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ബഹു ഭൂരിപക്ഷം കെട്ടിടങ്ങളുടെയും പണി പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ പണി പുരോഗമിച്ചു വരുന്നു.

(ബി) ഒരു വില്ലേജാഫീസിന് കുറഞ്ഞത് 65,000 രൂപ ചെലവാക്കി കെട്ടിടം നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ചേളന്നൂർ, തലക്കുളത്തൂർ, വില്ലേജ് ആഫീസുകൾക്കുവേണ്ടി എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ ഉൾപ്പെടുത്തിയ സ്കൂൾ കെട്ടിടങ്ങൾ

672 [649] ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എവിടെയെല്ലാം സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ തീരുമാനമെടുത്തു;

(ബി) അവയിൽ പ്രവൃത്തി ആരംഭിച്ചവ എത്ര;

(സി) നിർമ്മാണം പൂർത്തിയായവ എത്ര?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേടുപാടു വന്ന സ്കൂളുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും, പുനർനിർമ്മാണത്തിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ സ്കൂളുകളോടനുബന്ധിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങൾ നിർമ്മിക്കാനും തീരുമാനം എടുത്തിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly